## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4910 | 05.02.2014-ൽ മറുപടിക്ക് |
|---|---|

### വിധവകളായ നിർദ്ധന യുവതികൾക്ക് ധനസഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.കെ.ശിവദാസൻ നായർ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സാമൂഹ്യനീതി വകുപ്പ് വിധവകളായ നിർദ്ധന യുവതികൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. വിധവകളായ നിർദ്ധന യുവതികൾക്ക് ധനസഹായം നൽകുന്ന രണ്ട് പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ളത്. (1) മംഗല്യ പദ്ധതി (2) വനിതകൾ ഗൃഹനാഥകളായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | വിധവകൾക്ക് അവസാന നാളുകളിൽ ഒറ്റപ്പെട്ടു പോകാതെയും ആരും സംരക്ഷിക്കാനില്ലെന്ന അവസ്ഥയുണ്ടാകാതിരിക്കാനുമായാണ് വിധവാ വിവാഹ പ്രോത്സാഹന പദ്ധതി അഥവാ മംഗല്യ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസ ധനസഹായമാണ് രണ്ടാമത്തേത്. എച്ച്.ഐ.വി/എയ്ഡ്സ് ബാധിതർ, സാമൂഹികമായി വിവേചനം അനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവകൾ എന്നിവർ ഗൃഹനാഥകളായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. |
| (സി) | പദ്ധതിയിലേയ്ക്കുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) യും (ഡി) യും | 2235-02-103-92(പി) എന്ന ശീർഷകത്തിലെ വനിതാ വികസന പദ്ധതി എന്ന പേരിൽ പദ്ധതിക്കായി പ്രതീക്ഷിക്കുന്ന തുകയായ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | | |

സെക്ഷൻ ഓഫീസർ